**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3829** **15-07-2022 - ൽ മറുപടിയ്ക്ക്**

**ജയിൽ മോചിതരായ തടവുകാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ ജീവപര്യന്തം തടവുകാരായ എത്ര പേരെയാണ് ഗവർണർ മോചിപ്പിക്കുന്നതിന് ഉത്തരവിട്ടതെന്ന് അറിയിക്കാമോ; | (എ) | 33 തടവുകാർ . ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ് (GO (MS)116/2022-HOME , Dated 14.06.2022) അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ജയിൽമോചിതരായ തടവുകാർ ശിക്ഷിക്കപ്പെട്ട കേസ്, ചെയ്ത കുറ്റം, ശിക്ഷ കാലാവധി, തടവിൽ കഴിഞ്ഞ കാലാവധി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പലതവണ ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അകാലവിടുതലിന് ശിപാർശ ചെയ്യാതിരിക്കുകയും ചെയ്ത ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരുടെ അകാലവിടുതൽ പരിശോധിക്കുന്നതിന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നിയമ വകുപ്പ് സെക്രട്ടറി , ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് എന്നിവർ അംഗങ്ങളുമായ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതി, അകാലവിടുതലിന് അർഹരായ തടവുകാരെ കണ്ടെത്തുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആയത് അനുസരിച്ച് ഓരോ തടവുകാരുടേയും കേസ് ഫയലുകൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷനും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി കൺവീനറും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (ഹെഡ് ക്വാർട്ടേഴ്സ് ) അംഗവുമായ ഉപസമിതിയെ ചുമതലപ്പെടുത്തി. ഈ ഉപസമിതി ഓരോ കേസും സൂക്ഷ്മമായി പരിശോധിക്കുകയും യോഗ്യതാ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം നിർദ്ദേശിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നതിനുള്ള ശിപാർശ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പരിശോധിച്ച മേൽ സമിതി, ഉപസമിതി നിർദ്ദേശിച്ച യോഗ്യതാ മാനദണ്ഡങ്ങളിലെ മാറ്റം |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അർഹരായ തടവുകാരെ കണ്ടെത്തിയ മാനദണ്ഡങ്ങൾ **അനുബന്ധം II ആയി** ചേർത്തിരിക്കുന്നു. സർക്കാർ ഈ ശിപാർശ പരിശോധിക്കുകയും അതിക്രൂരമായ കൊലപാതകത്തിൽ ഉൾപ്പെട്ടവർ, വനിതകളേയും കുട്ടികളേയും കൊലപ്പെടുത്തിയവർ, ബലാൽസംഗകുറ്റം ചെയ്തവർ, മാനസികരോഗത്തിന് ചികിത്സയിൽ കഴിയുന്ന തടവുകാരിൽ ബന്ധുക്കൾ സ്വീകരിക്കുന്നതിന് വിമുഖത കാണിച്ചവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട തടവുകാരെ ഒഴിവാക്കുകയും ശേഷിക്കുന്ന 33 പേർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണറോട് ശിപാർശ ചെയ്യുകയും ചെയ്തു. |
| (സി) | ഇതിൽ രാഷ്ട്രീയ ആക്രമണങ്ങൾ, കൊലപാതകങ്ങൾ എന്നിവ ഉൾപ്പെടെ രാഷ്ട്രീയ കേസുകളിൽ പ്രതികളായി ശിക്ഷിക്കപ്പെട്ടവർ എത്ര പേരാണ്; ഇവർ ഓരോരുത്തരും ഏതൊക്കെ രാഷ്ട്രീയകക്ഷികളുടെ അംഗങ്ങളോ അനുഭാവികളോ ആയിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | പലതവണ ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അകാലവിട്ടുതലിന് ശിപാർശ ചെയ്യാതിരിക്കുകയും ചെയ്ത ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരുടെ അകാലവിട്ടുതൽ പരിശോധിക്കുന്നതിന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നിയമ വകുപ്പ് സെക്രട്ടറി , ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് എന്നിവർ അംഗങ്ങളുമായ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതി, അകാലവിട്ടുതലിന് അർഹരായ തടവുകാരെ കണ്ടെത്തുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആയത് അനുസരിച്ച് ഓരോ തടവുകാരുടേയും കേസ് ഫയലുകൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷനും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി കൺവീനറും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (ഹെഡ് ക്വാർട്ടേഴ്സ് ) അംഗവുമായ ഉപസമിതിയെ ചുമതലപ്പെടുത്തി. ഈ ഉപസമിതി ഓരോ കേസും സൂക്ഷ്മമായി പരിശോധിക്കുകയും യോഗ്യതാ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം നിർദ്ദേശിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നതിനുള്ള ശിപാർശ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പരിശോധിച്ച മേൽ സമിതി, ഉപസമിതി നിർദ്ദേശിച്ച യോഗ്യതാ മാനദണ്ഡങ്ങളിലെ മാറ്റം അംഗീകരിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ |

| | | | |
|---|---|---|---|
| | | | തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അർഹരായ തടവുകാരെ കണ്ടെത്തിയ മാനദണ്ഡങ്ങൾ **അനുബന്ധം II ആയി** ചേർത്തിരിക്കുന്നു. സർക്കാർ ഈ ശിപാർശ പരിശോധിക്കുകയും അതിക്രൂരമായ കൊലപാതകത്തിൽ ഉൾപ്പെട്ടവർ, വനിതകളേയും കുട്ടികളേയും കൊലപ്പെടുത്തിയവർ, ബലാൽസംഗകുറ്റം ചെയ്തവർ, മാനസികരോഗത്തിന് ചികിത്സയിൽ കഴിയുന്ന തടവുകാരിൽ ബന്ധുക്കൾ സ്വീകരിക്കുന്നതിന് വിമുഖത കാണിച്ചവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട തടവുകാരെ ഒഴിവാക്കുകയും ശേഷിക്കുന്ന 33 പേർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണറോട് ശിപാർശ ചെയ്യുകയും ചെയ്തു. |
| (ഡി) | ജയിൽ മോചിതരാകേണ്ടവരുടെ ലിസ്റ്റ് ജയിൽ ഉപദേശക സമിതിയുടെ അനുമതി തേടാതെ സെക്രട്ടറിതല സമിതിയാണോ തയ്യാറാക്കിയിരുന്നത്; | (ഡി) | പലതവണ ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അകാലവിട്ടുതലിന് ശിപാർശ ചെയ്യാതിരിക്കുകയും ചെയ്ത ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരുടെ അകാലവിട്ടുതൽ പരിശോധിക്കുന്നതിന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നിയമ വകുപ്പ് സെക്രട്ടറി , ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് എന്നിവർ അംഗങ്ങളുമായ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതി, അകാലവിട്ടുതലിന് അർഹരായ തടവുകാരെ കണ്ടെത്തുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആയത് അനുസരിച്ച് ഓരോ തടവുകാരുടേയും കേസ് ഫയലുകൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷനും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി കൺവീനറും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (ഹെഡ് ക്വാർട്ടേഴ്സ് ) അംഗവുമായ ഉപസമിതിയെ ചുമതലപ്പെടുത്തി. ഈ ഉപസമിതി ഓരോ കേസും സൂക്ഷ്മമായി പരിശോധിക്കുകയും യോഗ്യതാ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം നിർദ്ദേശിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നതിനുള്ള ശിപാർശ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പരിശോധിച്ച മേൽ സമിതി, ഉപസമിതി നിർദ്ദേശിച്ച യോഗ്യതാ മാനദണ്ഡങ്ങളിലെ മാറ്റം അംഗീകരിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ തടവുകാർക്ക് അകാലവിട്ടുതൽ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അർഹരായ തടവുകാരെ കണ്ടെത്തിയ മാനദണ്ഡങ്ങൾ **അനുബന്ധം II ആയി** ചേർത്തിരിക്കുന്നു. സർക്കാർ ഈ ശിപാർശ പരിശോധിക്കുകയും അതിക്രൂരമായ കൊലപാതകത്തിൽ ഉൾപ്പെട്ടവർ, വനിതകളേയും കുട്ടികളേയും കൊലപ്പെടുത്തിയവർ, ബലാൽസംഗകുറ്റം ചെയ്തവർ, മാനസികരോഗത്തിന് ചികിത്സയിൽ കഴിയുന്ന തടവുകാരിൽ ബന്ധുക്കൾ സ്വീകരിക്കുന്നതിന് വിമുഖത കാണിച്ചവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട തടവുകാരെ ഒഴിവാക്കുകയും ശേഷിക്കുന്ന 33 പേർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണറോട് ശിപാർശ ചെയ്യുകയും ചെയ്തു. |
| (ഇ) | ജയിൽ മോചനത്തിനായി ഗവർണർക്ക് ആദ്യം സമർപ്പിച്ച ലിസ്റ്റ് തിരിച്ചയയ്ക്കുകയുണ്ടായോ; | (ഇ) | തടവുകാരെ തിരഞ്ഞെടുത്ത യോഗ്യതാ മാനദണ്ഡങ്ങൾ സംബന്ധിച്ചും പ്രത്യേക അവസരങ്ങളിൽ പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദാംശങ്ങളും സ്പഷ്ടീകരണവും ബഹു. ഗവർണർ ആരായുകയും ആയതിന് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ശിപാർശ ബഹു. ഗവർണർ അംഗീകരിക്കുകയും ചെയ്തു. |
| (എഫ്) | ആദ്യം അയച്ച ലിസ്റ്റിൽ നിന്നും എത്ര പേരെ ഒഴിവാക്കിയാണ് രണ്ടാമത്തെ ലിസ്റ്റ് സമർപ്പിച്ചതെന്ന് അറിയിക്കാമോ; എങ്കിൽ ഇവരെ ഒഴിവാക്കിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (എഫ്) | തടവുകാരെ തിരഞ്ഞെടുത്ത യോഗ്യതാ മാനദണ്ഡങ്ങൾ സംബന്ധിച്ചും പ്രത്യേക അവസരങ്ങളിൽ പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദാംശങ്ങളും സ്പഷ്ടീകരണവും ബഹു. ഗവർണർ ആരായുകയും ആയതിന് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ശിപാർശ ബഹു. ഗവർണർ അംഗീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

### I. അകാലവിടുതലിന് അയോഗ്യരായ തടവുകാരുടെ വിഭാഗം

1. രാജ്യസുരക്ഷയ്ക്കെതിരായ കുറ്റകൃത്യങ്ങളിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടവർ

2. 16 വയസിൽ താഴെയുള്ള കുട്ടികളെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ 2012 ലെ പോക്സോ ആക്ട് പ്രകാരമോ അല്ലാതെയോ ഉള്ള കുറ്റങ്ങൾ ആരോപിക്കപ്പെട്ട് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടവർ.

3. 1985 ലെ നാർക്കോട്ടിക് ഡ്രഗ്സ് & സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെട്ടവർ.

4. ശിക്ഷായിളവ് / മാപ്പ് അനുവദിക്കരുതെന്ന് കോടതി ഉത്തരവിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളവർ.

5. മറ്റു സംസ്ഥാനങ്ങളിലെയോ കേന്ദ്ര ഭരണ പ്രദേശങ്ങളിലെയോ കോടതികൾ ശിക്ഷിച്ചവർ.

### II. എല്ലാതരത്തിലുമുള്ള ശിക്ഷായിളവുകളുൾപ്പെടെ 25 വർഷം തടവ് പൂർത്തിയാക്കിയ യോഗ്യരായ തടവുകാരുടെ വിഭാഗം

1) ബലാത്സംഗത്തിന് ശേഷം ഇരയെ കൊലപ്പെടുത്തുക, കവർച്ച ഉൾപ്പെട്ട കൊലപാതകം, 1955 ലെ സിവിൽ റൈറ്റ്സ് സംരക്ഷണ നിയമ പ്രകാരമുള്ള കുറ്റകൃത്യം ഉൾപ്പെട്ട കൊലപാതകം, സ്ത്രീധനത്തിനു വേണ്ടിയുള്ള കൊലപാതകം, 14 വയസിന് താഴെയുള്ള കുട്ടികളുടെ കൊലപാതകം, ഒന്നിലധികം കൊലപാതകങ്ങൾ, ശിക്ഷ അനുഭവിച്ചുവരുമ്പോഴുള്ള ജയിലിനുള്ളിലെ കൊലപാതകം, പരോൾ കാലയളവിലെ കൊലപാതകം, ഭീകരപ്രവർത്തനത്തിനിടെയുള്ള കൊലപാതകം, കള്ളക്കടത്തുമായി ബന്ധപ്പെട്ട കൊലപാതകം, സർക്കാർ ജീവനക്കാരെ കൃത്യനിർവ്വഹണത്തിനിടെ കൊലപ്പെടുത്തുക എന്നീ കുറ്റങ്ങൾക്ക് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടവർ.

2) കൊലപാതകത്തിന് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ഗുണ്ടാസംഘാംഗങ്ങൾ, വാടക കൊലയാളികൾ, കള്ളക്കടത്തുകാർ, മയക്കുമരുന്ന് കടത്തുകാർ എന്നിവർ

3) ബഹു. രാഷ്ട്രപതിയോ ബഹു. ഗവർണറോ വധശിക്ഷ ജീവപര്യന്തമായി ഇളവ് ചെയ്ത് നൽകിയ കുറ്റവാളികൾ.

<u>അർഹതാമാനദണ്ഡം:-</u> പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടുകൾ അനുകൂലമായ കേസുകളിൽ

(എ) ശിക്ഷായിളവുൾപ്പെടെ 25 വർഷം ശിക്ഷ പൂർത്തിയാക്കിയ 55 വയസ് തികഞ്ഞ തടവുകാർ.

അല്ലെങ്കിൽ

(ബി) 23 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയ തടവുകാർ.

**III. ശിക്ഷായിളവുൾപ്പെടെ 20 വർഷം പൂർത്തിയാക്കിയ യോഗ്യരായ തടവുകാരുടെ വിഭാഗം**

വയസ് പരിഗണിക്കാതെ, ഇളവുകളുൾ പ്പെടെ 20 വർഷം പൂർത്തിയാക്കിയ ഒന്നും രണ്ടും വിഭാഗത്തിൽപ്പെടാത്ത തടവുകാർ ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അകാലവിട്ടുതലിന് യോഗ്യരാണ്.

1) ഭാവിയിൽ കുറ്റകൃത്യം ആവർത്തിക്കുന്നതിനുള്ള സാധ്യത നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുന്ന തരത്തിലായിരിക്കണം തടവുകാരന്റെ ജയിലിനുള്ളിലെ പെരുമാറ്റം (ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിന്റെ റിപ്പോർട്ട് പ്രകാരം)

2) സമൂഹത്തിന് പ്രയോജനപ്പെടുന്ന ഒരംഗമായി തടവുകാരൻ മാറുന്നതിനുള്ള സാധ്യതയുണ്ടായിരിക്കണം ( പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിൽ ആയത് വ്യക്തമാക്കിയിരിക്കണം)

3) തടവുകാരനെ സംരക്ഷിക്കത്തക്ക സാമൂഹിക - സാമ്പത്തിക ശേഷിയുള്ളതായിരിക്കണം ടിയാന്റെ കുടുംബം (പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിൽ ആയത് വ്യക്തമാക്കിയിരിക്കണം)

അർഹതാമാനദണ്ഡം:- പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടുകൾ അനുകൂലമായ കേസുകളിൽ

(എ) ശിക്ഷായിളവുൾപ്പെടെ 20 വർഷം പൂർത്തിയാക്കിയ 50 വയസ് തികഞ്ഞ തടവുകാർ.

അല്ലെങ്കിൽ

(ബി) 20 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയ തടവുകാർ.

**IV. ശിക്ഷായിളവ് കൂടാതെ യഥാർത്ഥ ശിക്ഷ 14 വർഷം പൂർത്തിയാക്കിയ യോഗ്യരായ തടവുകാരുടെ വിഭാഗം.**

ഒന്നാം വിഭാഗത്തിൽ ഉൾപ്പെടാത്തതും 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയ 75 വയസ് തികഞ്ഞവരുമായ എല്ലാ തടവുകാരും അകാലവിട്ടുതലിന് യോഗ്യരാണ്.

അനുബന്ധം - I

**GOVERNMENT OF KERALA**

**Abstract**

Home Department-Prisons-Premature release to the eligible prisoners who have completed 14 years of imprisonment and whose proposal of premature release was rejected by the Jail Advisory Committees concerned on various occasions-Sanctioned-Orders issued.

**HOME(B)DEPARTMENT**

G.O.(Ms)No.116/2022/HOME Dated,Thiruvananthapuram, 14-06-2022

Read 1.G.O.(Rt) No. 2001/2020/Home dated:16.09.2020

2.Minutes of the meeting held by Hon'ble Chief Minister on 28.09.2021

3.Letter No.WP1- 12407/2020/PrHQ Dated:17.11.2021 of the Director General of Prisons and Correctional Services

4.Report dated:23.12.2021 of the Sub Committee headed by Additional Law Secretary

5.Minutes of the meeting of the Committee headed by the Additional Chief Secretary,(Home&Vigilance) Department held on 12.01.2022

6.Order dated:19-05-2022 of the Hon'ble Supreme Court in WP(Crl) No.495/2021 filed by Smt.Usha Chandran.

**ORDER**

In 2020 , the Government proposed to grant premature release to those prisoners who had completed 14 years of imprisonment and whose proposal of premature release was rejected by the Jail Advisory Committees concerned on various occasions. Subsequently a committee consisting of Additional Chief Secretary (Home & Vigilance)Department as Chairman, Law Secretary and Director General of Prisons and Correctional Services as Members was constituted as per Government Order read as 1st paper above, to examine the case of premature release of prisoners individually and to submit recommendation to Government for premature release of the eligible prisoners.The Committee decided to formulate general guidelines for determining the eligibility of prisoners and to call for list of prisoners from the Director General of Prisons and Correctional Services.

2. In the high level meeting held on 28.09.2021 to discuss premature release of eligible prisoners who have completed actual sentence of 14 years, it was decided, inter alia, that the release of the eligible prisoners who have completed actual imprisonment of 14 years may be effected as part of 'Azadi ka Amrut Mahotsav', the 75th Anniversary Celebrations of the India's Independence.

3. The Committee headed by the Additional Chief Secretary (Home & Vigilance) Department entrusted the scrutiny of the cases of prisoners who have completed actual sentence of 14 years as on 31.10.2021 to a Sub Committee comprising the Additional Law Secretary (Chairman), the Joint Secretary, Home Department (Convener) and the Deputy Inspector General of Prisons (Head Quarters),, (Member), on the basis of the jail wise list of prisoners to be furnished by the Director General of Prisons and Correctional Services. Accordingly, the Director General of Prisons and Correctional Services furnished a list of 184 prisoners as per letter read as 3rd paper above. On the basis of the report of the Sub Committee, read as 4th paper above, submitted after having considered the cases of 184 prisoners whose premature release were not recommended by the Jail Advisory Committees after consideration on one or more than one occasions, the Committee headed by the Additional Chief Secretary (Home & Vigilance)Department approved a revised criteria for determining the eligibility of prisoners, according to which the prisoners were classified into 4 categories as mentioned below:-

I. Category of prisoners who are not be eligible for premature release.

1. Persons who are sentenced for life imprisonment for offences against the security of the State.

2. Person who are sentenced for life for murder along with rape of a child below 16 years of age charged with or without POCSO Act 2012.

3. Persons convicted under Narcotic Drugs and Psychotropic Substances Act.

4. Persons involved in cases in which the Court expressly declares that the prisoner shall not be granted special remission or amnesty.

5. Persons convicted and sentenced by the courts of other States or UTs.

II. Category of prisoners eligible only after completing 25 years of sentence including all kinds of remission.

1. Convicts who have been imprisoned for life for murder with rape,murder with dacoity, murder involving an offence under the protection of civil rights act 1955, murder for dowry, murder of a child below 14 years of age, multiple murder, murder committed after conviction while inside jail, murder during parole, murder in a terrorist incident, murder in smuggling operation. murder of a public servant on duty,murder with robbery and rape of a child below 14 years of age.

2. Gangsters, contract killers, smugglers, drug traffickers awarded life

imprisonment for murders.

3. Convicts whose death sentence has been commuted to life imprisonment by the Hon'ble President of India or by the Hon'ble Governor.

The prisoners with the following age group and completed sentence and favorable reports from the Probation Officers are eligible under this category:-

(a) Prisoners who have attained the age of 55 and completed sentence of 25 years including remission ; OR

(b) Prisoners who have completed 23 years of actual sentence.

<u>III. Category of prisoners eligible after 20 years of sentence including remission</u>

All prisoners who do not come under category I and II shall be eligible for premature release after 20 years of sentence including remission irrespective of their age, but on the following conditions.

1. The overall conduct inside the prison should indicate that the prisoner has lost his potential for committing crimes in future. (To be reported by the Superintendent of Prison concerned)

2. There should have a possibility of reclaiming the convict as useful member of the society.(should be evident from the report of the Probation Officer)

3. Socio economic condition of the family should be sound enough to accommodate the prisoner. (should be evident from the report of the Probation Officer)

The prisoners with the following age group and completed sentence and favorable reports from the Probation Officers are eligible under this category:-

(a) Prisoners who have attained the age of 50 and completed sentence of 20 years including remission; OR

(b) Prisoners who have completed actual sentence of 20 years

<u>IV. Category of prisoners eligible after 14 years of actual sentence excluding remission</u>

All prisoners who have completed the age of 75 but do not come under the Category I shall be eligible for premature release completing 14 years after of actual sentence.

4. The Committee headed by the Additional Chief Secretary(Home&Vigilance) Department also decided to recommend all the co-accused in a case, if one or more persons involved in the same crime are found eligible for premature release. After having examined meticulously the recommendations of the Sub Committee along with all individual details of the prisoners contained in the respective case files, the Committee submitted the proposal for premature release of the 67 prisoners found eligible by the Committee before the Government.

5. In the mean time,the Hon'ble Supreme Court considered the matter of release of Chandran@Manichan (C No. 2643),Open Prison and Correctional Home Nettukaltheri in WP(Crl) No.495/2021 filed by Smt.Usha Chandran. Subsequenlty, as per order dated:19.05.2022,read as 6th paper above,the Hon'ble Supreme Court disposed of the Writ Petition with direction to all concerned dealing with the proposal to take a final decision within four weeks. Since Sri. Chandran @ Manichan was also included in the list of prisoners found eligible for premature release by the Committee headed by ACS(H&V), final orders have to be issued in the matter in compliance with the Supreme Court direction. .

6. Accordingly,t h e Government have examined in detail the recommendations of the Committee headed by the Additional Chief Secretary(Home&Vigilance) Department vide minutes read as 5th paper above and decided to approve the proposal, excluding the following category of prisoners :-

1. Persons involved in most cruel murder.
2. Persons who committed murder of women and children, persons who committed murder with rape
3. Among the prisoners who are undergoing treatment for mental illness, the prisoners whose relatives are reluctant to receive them.

7. In the circumstances, Government are pleased to order that premature release be granted to the 33 prisoners mentioned below (with name of Prisons), who have completed 14 years of sentence without remission , after remitting their remaining period of sentence, in exercise of powers conferred under Article 161 of the Constitution of India and subject to the condition laid down in rule 470 of the Kerala Prisons and Correctional Services (Management) Rules, 2014, as part of the celebration of the 75th year of Indian Independence ('Azadi Ka Amrut Mahotsav').

**Central Prison & Correctional Home, Viyyur**

1. C.No.4562 Sajan S/o Thankappan
2. C.No.8408 Jose S/o Thomas

**Central Prison & Correctional Home, Thiruvananthapuram**

3. C.No.492 Sahadevan S/o Kunju Panicker
4. C.No.3931 Shaji S/o Divakaran
5. C.No.4101 Shivaji S/o Kumaran
6. C.No.4387 Pappachan S/o Pathrose

**<u>Central Prison & Correctional Home, Kannur</u>**

7. C.No.3575 Mani S/o Mathai
8. C.No. 103/21 Sugunan S/o Kumaran

**<u>Open Prison and Correctional Home, Cheemeni</u>**

9. C.No.63 Kozhuka Jayachandran S/o Balan
10. C.No.64 Kunhikannan S/o Kunhikutty
11. C.No.88 Purushothaman S/o Kunhiraman
12. C.No.107 Pattarvayal Kanakan S/o Nanu
13. C.No.154 Appakunhi S/o Mukundan
14. C.No.172 Paingoli Shaji S/o Sukumaran
15. C.No.174 Vayalambron Sudhakaran S/o Gopalan
16. C.No. 182 Sathyan S/o Anandan
17. C.No.183 Puthenpurayil Balan S/o Kannan
18. C.No.184 Kunhikannan S/o Koran
19. C.No.187 Rajan Perumboyilan S/o Anandan
20. C.No.188 Shaji S/o Govindan
21. C.No.192 Kaithayulla parambath Preman S/o Kunhikannan
22. C.No.200 Arayakkandi Sukumaran S/o Pokkan
23. C.No.253 Chacko S/o Joseph
24. C.No.269 Abdul Salam S/o Moideenkutty
25. C.No.270 Aboobacker Sidhique S/o Moideenkutty
26. C.No. 587 Paradesy S/o Ambhunhi
27. C.No.600 Thomas S/o John

**<u>Open Prison and Correctional Home, Nettukaltheri</u>**

28. C.No.2458 Remanan S/o Chellappan
29. C.No.2506 Sasikumar S/o Narayanan
30. C.No.2643 Chandran S/o Sivadasan
31. C.No.3235 Thampi S/o Raghavan
32. C.No.3316 Rajan S/o Kunjukochu
33. C.No.3275 Abdul Rasheed S/o Abdul Kareem

(By order of the Governor)
T K JOSE

ADDITIONAL CHIEF SECRETARY

Advocate General, Ernakulam (with C/L)

Principal Secretary to Hon'ble Governor, Raj Bhavan, Thiruvananthapuram (with C/L)

Principal Accountant General(Audit/A&E) Kerala , Thiruvananthapuram

The State Police Chief, Thiruvananthapuram

The Director General of Prisons and Correctional Services, Thiruvananthapuram

Superintendents of Prisons concerned (Through Director General of Prisons and Correctional Services)

General Administration (SC) Department (vide item No. 627 dated:20.04.2022)

The Information Officer, Web & New Media Wing, I& PRD

The Stock file / Office Copy

Forwarded /By order .

**Signed by Suja M P**
**Date: 14-06-2022 16:15:39**
Section Officer